# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1576 13.06.2014-ലെ മറുപടിയ്ക്ക്

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി.അയിഷാപോറ്റി | | ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) | |
| (എ) | നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണം സംബന്ധിച്ച പരിഷ്ക്കരിച്ച മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയത് എന്നാണ് ; | (എ) | 2014-15 വർഷത്തെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (എം.എസ്)362/2013/ തസ്വഭവ നമ്പരായി 16.11.2013-ൽ പുറപ്പെടുവിച്ചു. |
| (ബി) | ഇക്കൊല്ലത്തെ പദ്ധതികൾക്ക് നാളിതുവരെ എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണ സമിതികളുടെ അംഗീകാരം നേടിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (ബി) | 06.06.2014 വരെ സംസ്ഥാനത്തെ 112 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണ സമിതികളുടെ അംഗീകാരം നേടിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ വിവരിക്കുന്നു.<br><br>തിരുവനന്തപുരം - 9<br>എറണാകുളം - 46<br>തൃശൂർ - 10<br>പാലക്കാട് - 13<br>മലപ്പുറം - 12<br>കോഴിക്കോട് - 22<br>-------<br>ആകെ - 112<br>======== |
| (സി) | പദ്ധതി രൂപീകരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാണിക്കുന്ന അലംഭാവം ഒഴിവാക്കുന്നതിനും പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും ; വിശദമാക്കുമോ? | (സി) | പദ്ധതി രൂപീകരണവും നടത്തിപ്പും കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയുന്ന വിധത്തിലാണ് 2014-15 വർഷത്തെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. മാർഗ്ഗരേഖ പ്രകാരം, പദ്ധതി രൂപീകരണം, നിർവ്വഹണം തുടങ്ങിയവ ശക്തിപ്പെടുത്തുന്നതുൾപ്പെടെയുള്ള പ്രവർത്തന |

ങ്ങൾക്കായി ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു. 'സേവാഗ്രാം' എന്ന പേരിൽ ആരംഭിക്കുന്ന ഗ്രാമകേന്ദ്രങ്ങളുടെ കരട് മാർഗ്ഗ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന പദ്ധതികൾ വിലയിരുത്തുന്നതി നുവേണ്ടി സോഷ്യൽ ഓഡിറ്റ് സംവിധാനവും പദ്ധതി നിർവ്വഹണ ത്തിന്റെ ഫലപ്രാപ്തി വിലയിരു ത്തുന്നതിനായി ജില്ലാതലത്തിൽ ക്വാളിറ്റി മോണിട്ടേഴ്സിനെ നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ